08.07.2024 ശനിയാഴ്ച രാവിലെ 11.00 മണിയ്ക്ക് നടന്ന ഉപജില്ല 2 അദാലത്ത് മിനിട്സ്

അദാലത്തിൽ ഇന്റേണൽ വിജിലൻസ് ഓഫീസർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് ടൌൺ പ്ലാനർ എന്നിവർ പങ്കെടുത്തു.

<u>വെച്ചൂർ പഞ്ചായത്ത്</u>

വെച്ചൂർ പഞ്ചായത്തിൽ കുവനാൽ ഫ്യൂവൽസ് എന്ന പമ്പിന് കെട്ടിട നമ്പർ ലഭ്യമായിട്ടില്ല എന്ന പരാതിയാണ് പരാതിക്കാരൻ സമർപ്പിച്ചിട്ടുള്ളത്.

എക്സിക്യൂട്ടീവ് എഞ്ചിനീയർ പിഡബ്ല്യുഡി (റോഡ് സെക്ഷൻ) കോട്ടയം ഓഫീസിൽനിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രത്തിൽ നിഷ്കർച്ചിരിക്കുന്നതു പ്രകാരം ബഫർ സ്ട്രിപ്പിന് മൂന്നുമീറ്റർ വീതി പാലിക്കണമെന്ന ഉപാധിയോടെയാണ് പഞ്ചായത്ത് പെർമിറ്റ് അനുവദിച്ചിരുന്നത്. കെട്ടിട നിർമാണം പൂർത്തിയാക്കി കെട്ടിട നമ്പറിനായുള്ള അപേക്ഷയിന്മേൽ നടത്തിയ സ്ഥല പരിശോധന ബഫർ സ്ട്രിപ്പിന് 3 മീറ്റർ വീതി പാലിക്കാതെയും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ( KPBR 2019 Rule 47(2), Rule 26(Table 4), Rule 79(6) ) ലംഘനങ്ങൾ നടത്തിയുമാണ് നിർമ്മാണം പൂർത്തിയായതെന്ന് പഞ്ചായത്തിന്ന് ബോധ്യപ്പെട്ടു എന്നും ബഫർ സ്ട്രിപ്പിന്റെ വീതി, കെട്ടിട നിർമാണ ചട്ടത്തിലെ അപാകതകൾ എന്നിവ പരിഹരിക്കാത്ത സാഹചര്യത്തിൽ കെട്ടിടത്തെ അനധികൃതനിർമ്മാണ ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണയം നടത്തുകയും പെട്രോൾ പമ്പിനു 9/2B (UA), 9/2C (UA) എന്ന് നമ്പർ അനുവദിക്കുകയും വസ്തു നികുതി ഈടാക്കുന്നതിനായി ഡിമാൻഡ് നോട്ടീസ്, ആർ .ആർ നോട്ടീസ് എന്നിവ നല്കിയിട്ടുള്ളതുമാണ് എന്നും സെക്രട്ടറി അറിയിച്ചിട്ടുള്ളതാണ്.
പഞ്ചായത്തു പറഞ്ഞിരിക്കുന്ന ന്യൂനതകൾ പരിഹരിച്ച് പഞ്ചായത്തിന് അപേക്ഷ സമർപ്പിക്കുന്നതിന് കക്ഷിക്ക് നിർദേശം നൽകി അദാലത്തു സമിതി തീരുമാനിച്ചു.

<u>രാമപുരം ഗ്രാമപഞ്ചായത്ത്</u>

ജിയോളജി വിഭാഗം, അദാലത് സമിതി, പഞ്ചായത്ത് എന്നിവർ ചേർന്ന് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുന്നതിന് തീരുമാനിച്ചു.

<u>വെള്ളൂർ ഗ്രാമപഞ്ചായത്ത്</u>

വെള്ളൂർ പഞ്ചായത്തിൽ ഒരു വ്യവസായം തുടങ്ങുന്നതിനായി ബിൽഡിംഗ് നമ്പറിനായി അപേക്ഷിച്ചിട്ടും ആയതു ലഭിച്ചില്ല എന്നത് സംബന്ധിച്ചാണ് പരാതി.

പരാതിക്കു ആസ്പദമായ വ്യവസായ ആവശ്യത്തിനുള്ള കെട്ടിടത്തിന് നമ്പർ അനുവദിക്കുന്നതിന് 20.01.2024 തീയതിയിലാണ് അപേക്ഷ നൽകിയത് എന്നും, അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥല പരിശോധന നടത്തി 13.02.2024 തീയതിയിൽ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 14.02.2024 തീയതിയിൽ കെട്ടിടത്തിന് ഒക്യുപെൻസി സർട്ടിഫിക്കറ്റ് അനുവദിക്കുകയും, തുടർന്ന് കെട്ടിട വിവരം സഞ്ചയ രേഖകളിൽ ചേർക്കുന്നതിനാവശ്യമുള്ള പരിശോധന നടത്തി 16.02.2024 ൽ 16/373 ബി എന്ന നമ്പർ അനുവദിക്കുകയും ചെയ്തു എന്നും, അനുവദനീയമായ സമയപരിധിക്കുള്ളിൽ നടപടി പൂർത്തീകരിച്ചു നമ്പർ അനുവദിച്ചതായിരുന്ന വിവരം സെക്രട്ടറി അദാലത്തിൽ അറിയിച്ചിട്ടുള്ളതാണ് .
കെട്ടിടത്തിന് നമ്പർ നൽകുന്നതിൽ പഞ്ചായത്തിൻറെ ഭാഗത്തുനിന്ന് മനപ്പൂർവ്വമായ കാലതാമസം ഉള്ളതായി അദാലത്തു സമിതിക്ക് ബോധ്യപ്പെട്ടിട്ടില്ല എന്നിരിക്കലും ഭാവിയിലും ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ പ്രവർത്തിക്കുവാൻ പഞ്ചായത്തിന് നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു.

അദാലത്തു കൃത്യം 12.30 നു അവസാനിച്ചു.

Scanned with CamScanner